**സ്വയംസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

BASELIOS MARTHOMA MATHEWS III CATHOLICOS OF THE EAST AND MALANKARA METROPOLITAN 2021

**No. 232/2025**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളിക്കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

നമ്മുടെ തിരുവനന്തപുരം ഭദ്രാസനത്തിന്റെ അഭിവന്ദ്യ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ഭദ്രാസന ഭരണത്തിൽ നിന്നും കാതോലിക്കേറ്റ് & എം. ഡി. സ്കൂൾസിന്റെ മാനേജർ സ്ഥാനത്തുനിന്നും സഭാ മിഷൻബോർഡ് അദ്ധ്യക്ഷ സ്ഥാനത്തുനിന്നും വിരമിച്ചിരിക്കുന്ന സാഹചര്യത്തിൽ സഭാ ഭരണഘടന 94, 95 വകുപ്പുകൾ അനുസരിച്ച് ടി മൂന്ന് സ്ഥാനങ്ങളും മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ നാം ഏറ്റെടുത്തിരിക്കുകയാണ്. തിരുവനന്തപുരം ഭദ്രാസനത്തിന്റെ വികസനത്തിനുവേണ്ടിയും സ്കൂളുകളുടെ പുരോഗതിക്കുവേണ്ടിയും മിഷൻ ബോർഡിന്റെ ഉന്നമനത്തിനുവേണ്ടിയും ശ്രദ്ധേയമായ അനേക സംഭാവനകൾ നൽകുവാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട് എന്നുള്ളത് നാം പ്രത്യേകം സ്മരിക്കുകയും അവയ്ക്കെല്ലാംവേണ്ടി സഭയുടെ നാമത്തിൽ അദ്ദേഹത്തെ അഭിനന്ദിക്കുകയും നന്ദി അറിയിക്കുകയും ചെയ്യുന്നു. അദ്ദേഹത്തെപ്പോലെ ബഹുമുഖ കഴിവുകൾ ഉള്ള ഒരു മെത്രാപ്പോലീത്താ വിരമിക്കുന്നത് സഭയ്ക്ക് ഒരു നഷ്ടം തന്നെയാണെങ്കിലും അദ്ദേഹത്തിന്റെ ഇംഗിതത്തെ നാം മാനിക്കുന്നു.

ഔദ്യോഗിക ചുമതലകളിൽ നിന്നും വിരമിക്കുന്നു എങ്കിലും അദ്ദേഹത്തിന്റെ പ്രാർത്ഥനയും പിന്തുണയും എന്നും സഭയോടൊപ്പം ഉണ്ടാകുമെന്ന് നാം പ്രതീക്ഷിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2025 ഒക്ടോബർ മാസം 09-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

പകർപ്പ്: 1. എല്ലാ മെത്രാപ്പോലീത്താമാർക്കും
2. വൈദിക ട്രസ്റ്റി
3. അത്മായ ട്രസ്റ്റി
4. അസോസിയേഷൻ സെക്രട്ടറി